നം.സി1/901/റ്റി.സി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ് , തിരുവനന്തപുരം,
തീയതി : 30/05/2011

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് - സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ സംബന്ധിച്ച്

സൂചന :-
1. 29/06/2009 തീയതിയിലെ കത്ത് നം.സി1/10955/റ്റി.സി/2009
2. 24/09/2009, 27/02/2010. 07/07/2010, 13/12/2010, 19/05/2011 തീയതികളിലെ ഇതേ നമ്പർ കത്ത്
3. 13/07/2010 തീയതിയിൽ നടന്ന ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടേയും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടേയും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടേയും കോൺഫറൻസിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രി നൽകിയ നിർദ്ദേശം.
4. 30/05/2011-ൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രി ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലെ നിർദ്ദേശം

സൂചനകളിലേക്ക് താങ്കളുടെ വ്യക്തിഗത ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. ജൂൺ മാസത്തിൽ കേരളത്തിലാകമാനമുള്ള വിദ്യാലയങ്ങൾ തുറക്കുകയാണ്. വാഹനങ്ങളിലും, അല്ലാതെയും യാത്ര ചെയ്യുന്ന വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിൽ മോട്ടോർ വാഹന വകുപ്പിനും അതിന്റേതായ പങ്ക് വഹിക്കുവാനുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് സൂചന (1) (2) എന്നിവ പ്രകാരം നിരവധി നിർദ്ദേശങ്ങൾ ഇതിനകം തന്നെ നൽകിയിട്ടുണ്ട്. എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ് ഓടിക്കുന്ന ഡ്രൈവർമാർക്കെല്ലാം പരിശീലനം നൽകണമെന്ന് സൂചന (3) പ്രകാരം ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം ഓരോ ഓഫീസിന്റേയും അധികാര പരിധിയിലുള്ള വിദ്യാഭ്യാസ

സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വിദ്യാലയങ്ങളുടെ അംഗീകൃത വാഹനങ്ങളിലല്ലാതെ എല്ലാ തരം വാഹനങ്ങളിലും കുട്ടികളെ കയറ്റിക്കൊണ്ട് പോകുന്നതായി കാണുന്നുണ്ട്. ഇത്തരം വാഹനങ്ങളുടെ ഡ്രൈവർമാർക്ക് മോട്ടോർ വാഹന നിയമങ്ങളും, ചട്ടങ്ങളും അനുശാസിക്കുന്ന യോഗ്യതകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഇത്തരം വാഹനങ്ങളുടെ ഡ്രൈവർമാർക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഓട്ടോറിക്ഷകളിലും മറ്റും സ്കൂൾ കുട്ടികളെ കുത്തിതിരുകി കയറ്റിക്കൊണ്ട് പോകുന്നതും, അമിതവേഗതയിൽ സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നതുമായ ദുഷ്പ്രവണതകൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ അധ്യയന വർഷം ഒരു അപകടവിമുക്ത വർഷമാക്കി മാറ്റുന്നതിന് വേണ്ട എല്ലാ ആത്മാർത്ഥ ശ്രമങ്ങളും താങ്കളുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി.

അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്

എസ്.എച്ച്